| Article Date | Headline / Summary | Publication |
|---|---|---|
| 26 Dec 2025 | Importance of a long-term motor insurance policy | Malayala Manorama |

# ദീർഘകാല മോട്ടർ ഇൻഷുറൻസ് പോളിസിയുടെ പ്രാധാന്യം

*സുഭാശിഷ് മജുംദാർ,*
*ഹെഡ് - മോട്ടർ ഡിസ്ട്രിബ്യൂഷൻ, ബജാജ് അലയൻസ് ജനറൽ ഇൻഷുറൻസ്*

വാഹനം വാങ്ങുന്നതുപോലെ പ്രധാനമാണ് എന്നാൽ അതിന്റെ സുരക്ഷ ഉറപ്പാക്കുന്നതും. ഇത് പ്രോത്സാഹിപ്പിക്കുന്നതിനായി, സുപ്രീം കോടതി പുതിയ കാറുകൾക്കും ഇരുചക്രവാഹനങ്ങൾക്കും യഥാക്രമം മൂന്ന് വർഷത്തേക്കും അഞ്ച് വർഷത്തേക്കുമുള്ള ഇൻഷുറൻസ് പരിരക്ഷ നിർബന്ധമാക്കിയിട്ടുണ്ട്. കൂടാതെ, തേഡ് പാർട്ടി ഇൻഷുറൻസും നിയമപരമായി തന്നെ ആവശ്യമുള്ളതാണ്. മിക്ക വാഹന ഉടമകളും വാർഷിക പോളിസി പുതുക്കൽ വേളയിൽ, ദീർഘകാല മോട്ടർ ഇൻഷുറൻസ് പോളിസി പരിഗണിക്കുന്നതിന്റെ നേട്ടങ്ങൾ ക്രമേണ മനസ്സിലാക്കി തുടങ്ങിയിരിക്കുന്നു.

***കാർ ഇൻഷുറൻസ് പൊതു കവറേജ്:*** മനുഷ്യനിർമിത കാരണങ്ങളാലോ പ്രകൃതിദുരന്തങ്ങൾ മൂലമോ വാഹനത്തിനു സംഭവിക്കുന്ന നഷ്ടം അല്ലെങ്കിൽ കേടുപാടുകൾ എന്നിവയിൽനിന്ന് കോംപ്രിഹെൻസീവ് കാർ ഇൻഷുറൻസ് പോളിസി സംരക്ഷണം നൽകുന്നു. പ്രകൃതി ദുരന്തങ്ങളിൽ പ്രധാനമായും തീ, സ്ഫോടനം, മിന്നൽ, കൊടുങ്കാറ്റ്, ചുഴലിക്കാറ്റ്, മണ്ണിടിച്ചിൽ, മറ്റ് നിരവധി സംഭവങ്ങൾ ഉൾപ്പെടുന്നു. മനുഷ്യനിർമിത ദുരന്തങ്ങളിൽ മോഷണം, ഭവനഭേദനം, കവർച്ച, കലാപം, റെയിൽ, റോഡ്, ഉൾനാടൻ ജലപാത, വ്യോമ മാർഗമുള്ള യാത്രയ്ക്കിടെയുള്ള നാശനഷ്ടങ്ങൾ എന്നിവ ഉൾപ്പെടുന്നു. മിക്ക മോട്ടർ പോളിസികളിലും വളരെ നാമമാത്രമായ നിരക്കിൽ പഴ്സനൽ ആക്സിഡന്റ് പരിരക്ഷ ഉൾപ്പെടുത്തിയിട്ടുണ്ട്, ഇത് വാഹനമോടിക്കുമ്പോൾ ഡ്രൈവർക്ക് സംരക്ഷണം നൽകും.

കോംപ്രിഹെൻസീവ് ഇൻഷുറൻസ് പോളിസിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന മറ്റൊരു നിർബന്ധിത ഘടകം എന്നത് തേർഡ്-പാർട്ടി ലീഗൽ ലയബിലിറ്റി കവറേജാണ്.

***മൾട്ടി-ഇയർ/ ദീർഘകാല ഇൻഷുറൻസ്:*** ഒരു വർഷത്തേക്ക് ഇൻഷുറൻസ് പരിരക്ഷ നൽകുന്ന സ്റ്റാൻഡേഡ് കാർ ഇൻഷുറൻസിൽനിന്നു വ്യത്യസ്തമായി, മൾട്ടി-ഇയർ പോളിസികൾ രണ്ട് മുതൽ അഞ്ച് വർഷം വരെ ഇൻഷുറൻസ് പരിരക്ഷ വാഗ്ദാനം ചെയ്യുന്നു. പുതിയ കാർ വാങ്ങുമ്പോൾ, സാധാരണയായി 3 വർഷത്തെ നിർബന്ധിത ഇൻഷുറൻസാണ് ലഭിക്കുന്നത്.

ദീർഘകാല പോളിസികൾക്കു ദീർഘകാല കവറേജ് കൂടുതലായതിനാൽ ചെലവേറിയതാണെന്ന് ചിലർ കരുതുന്നുണ്ടെങ്കിലും, അവ പലപ്പോഴും വാർഷികമായി പുതുക്കുന്നതിനേക്കാൾ കുറവാണ്, ഇത് മികച്ച മൂല്യത്തിൽ വിപുലമായ പരിരക്ഷ നൽകുന്നു. തുടർച്ചയായി മൂന്ന് വർഷത്തേക്ക് വ്യക്തിഗത വൺ ഇയർ പോളിസികൾ വാങ്ങുന്നതുമായി താരതമ്യം ചെയ്യുമ്പോൾ, കുറഞ്ഞ പ്രീമിയത്തിൽ ആണ് ഇൻഷുറൻസ് കമ്പനികൾ ദീർഘകാല പോളിസികൾ വാഗ്ദാനം ചെയ്യുന്നത്.

***3 വർഷ ദീർഘകാല മോട്ടർ ഇൻഷുറൻസ് പോളിസിയുടെ നേട്ടങ്ങൾ:*** കൃത്യസമയത്ത് പോളിസികൾ പുതുക്കാൻ മറക്കുന്നു എന്നതാണ് ആളുകൾ സാധാരണയായി ചെയ്യുന്ന ഏറ്റവും വലിയ തെറ്റ്, ഇത് അവരുടെ പോളിസി കാലഹരണപ്പെടുന്നതിലേക്ക് നയിക്കും. പോളിസിയിൽ വീഴ്ച വരുത്തുകയും അതുവഴി കവറേജിൽ വീഴ്ച വരുത്തുകയും ചെയ്താൽ, നിങ്ങൾക്ക് സാമ്പത്തികമായും നിയമപരമായും സുരക്ഷിതത്വം ലഭിക്കില്ല. 3 വർഷത്തെ അല്ലെങ്കിൽ ദീർഘകാല പോളിസി ആണെങ്കിൽ, നിങ്ങൾ ഒരു തവണ പണമടയ്ക്കുന്നതോടെ, എല്ലാ വർഷവും പുതുക്കുന്നതിനെക്കുറിച്ചുള്ള ആശങ്ക ഒഴിവാകും.

മറ്റൊരു പ്രധാന നേട്ടം, അടുത്ത കുറച്ചു വർഷത്തേക്ക് നിങ്ങൾക്ക് നിശ്ചിത പ്രീമിയത്തിൽ തന്നെ തുടരാം എന്നതാണ്. പ്രീമിയങ്ങളിലെ മാറ്റങ്ങൾ, IRDAI നിയന്ത്രണങ്ങളിലെ മാറ്റം, അല്ലെങ്കിൽ ക്ലെയിം ഡേറ്റയിലെ ട്രെൻഡുകൾ എന്നിവയുൾപ്പെടെ പല ഘടകങ്ങൾ ഇൻഷുറൻസ് പ്രീമിയങ്ങളെ സ്വാധീനിക്കുന്നു, ഇത് നിങ്ങളുടെ മോട്ടർ പോളിസിയുടെ വാർഷിക പ്രീമിയത്തെ ബാധിച്ചേക്കാം.

ദീർഘകാല ഇൻഷുറൻസ് പോളിസി ഉണ്ടെങ്കിൽ, അത്തരം വർധനകളിൽനിന്നു നിങ്ങൾക്ക് സംരക്ഷണം ലഭിക്കും.